**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 307** **29-01-2024 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ വിതരണക്കാർക്ക് നൽകാനുള്ള കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്ത ഇനത്തിൽ വിതരണക്കാർക്ക് തുക നൽകാനുണ്ടോ; വിശദാംശം നൽകാമോ; | (എ) | സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്ത ഇനത്തിൽ 25.01.2024 തീയതി വരെയുള്ള കണക്ക് പ്രകാരം വിതരണക്കാർക്ക് നൽകുവാനുള്ള കുടിശ്ശിക **792.20** കോടി രൂപയാണ്.<br><br>വിശദാംശങ്ങൾ താഴെ ചേർക്കുന്നു:<br><br>**ഉത്പന്നങ്ങൾ തുക കോടിയിൽ**<br><br>ആട്ടപ്രോസസ്സിംഗ് ചാർജ്ജ്സ് - 5.58<br><br>ശബരിവെളിച്ചെണ്ണ - 62.64<br><br>FMCG ഉത്പന്നങ്ങൾ - 213.38<br><br>സബ്സിഡി-അരി, പയർ, മറ്റു പലവ്യഞ്ജനങ്ങൾ - 295.10<br><br>നോൺസബ്സിഡി-അരി, പയർ, മറ്റു പലവ്യഞ്ജനങ്ങൾ - 65.53<br><br>ശബരി ഉത്പന്നങ്ങൾ - 0.99<br><br>പഞ്ചസാര - 38.39<br><br>ഡിപ്പോവിതരണക്കാർ - 110.59<br><br>**ആകെ - 792.20** |
| (ബി) | വിതരണക്കാർക്ക് കുടിശിക തുക നൽകാത്തത് വിവിധ അവശ്യസാധനങ്ങളുടെ കച്ചവടത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | അരി, പഞ്ചസാര, പയറുവർഗ്ഗങ്ങൾ, പലവ്യഞ്ജനങ്ങൾ എന്നീ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തതിന്റെ കുടിശ്ശിക പൂർണ്ണമായും നൽകാത്തതുമൂലം ടി ഇനങ്ങളുടെ വിതണക്കാരിൽ ഭൂരിഭാഗവും കഴിഞ്ഞ മാസങ്ങളിൽ നടത്തിയ ടെൻഡറുകളിൽ പങ്കെടുക്കാതെ വിട്ടുനിൽക്കുന്നു. ഇതുമൂലം സപ്ലൈകോ ഡിപ്പോകളിൽ നിന്നുള്ള ആവശ്യകതക്കനുസരിച്ച് എല്ലാ |

| | | | |
|---|---|---|---|
| | | | സബ്സിഡി സാധനങ്ങളും സംഭരിക്കുവാൻ സാധിക്കുന്നില്ല. സപ്ലൈകോയുടെ പ്രവർത്തനവും നിലവിലെ സാമ്പത്തിക സ്ഥിതിയും വിലയിരുത്തുന്നതിനും, നിലവിലെ സ്ഥിതി സുസ്ഥിരമായി മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിനും കേരള സർക്കാർ 24-11-2023 ലെ സ.ഉ. (സാധാ) നം.473/2023/F&CS ഉത്തരവ് പ്രകാരം സംസ്ഥാന ആസൂത്രണ ബോർഡ് അംഗവും സാമ്പത്തിക ശാസ്ത്ര വിദഗ്ദ്ധനുമായ ഡോ. രവിരാമൻ അധ്യക്ഷനായും ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറി, സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ എന്നിവർ അംഗങ്ങളായും ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. നിലവിലെ വിപണി ഇടപെടൽ പ്രത്യേകമായി വിശകലനം ചെയ്യുന്നതിനും ഭാവിയിൽ കാര്യക്ഷമായി വിപണി ഇടപെടൽ നടത്താൻ കഴിയുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ടി സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | സബ്സിഡി നഷ്ടം നൽകാത്തതിനെ തുടർന്ന് സപ്ലൈകോയുടെ പ്രവർത്തനം പ്രതിസന്ധിയിലായിട്ടുണ്ടോ; എങ്കിൽ എത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | (ബി) പിരിവിൽ കാണാവുന്നതാണ്. |

സെക്ഷൻ ഓഫീസർ